(സി) വലിയ ബസ്സുകൾ ഓടിക്കുന്നതാണ് കെ. എസ്. ആർ. ടി. സി.-ക്ക് ലാഭകരം. ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ടിക്കറ്റിംഗ് മെഷീൻ

160 [1373] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-ക്കുവേണ്ടി ഇതുവരെ എത്ര ടിക്കറ്റിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്;

(ബി) ഏതെല്ലാം കമ്പനികളിൽ നിന്നാണ് ഇത് വാങ്ങിയത്;

(സി) ഒരു മെഷീന്റെ വില എത്രയാണ്;

(ഡി) ഈ ഇനത്തിൽ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ;

(ഇ) കേടായ മെഷീൻ സർവ്വീസ് നടത്തുന്നത് ഏത് സ്ഥാപനമാണ്;

(എഫ്) ഇപ്പോൾ എത്ര മെഷീനുകൾ ഉപയോഗത്തിലുണ്ട്;

(ജി) ഈ ഇനത്തിൽ എന്തുതുക ബോർഡിന് നഷ്ടമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3370 എണ്ണം.

(ബി) 1. മൈക്രോ എംറ്റ്. എക്സ്. ജാസ്പേറോട്ടർ, തൈക്കാട്, തിരുവനന്തപുരം. 2. സോഫ്റ്റ് ലാൻഡ്, ഇന്ത്യാ ലിമിറ്റഡ്, ഗൗരീശപട്ടം, തിരുവനന്തപുരം എന്നീ കമ്പനികളിൽ നിന്നുമാണ് ടിക്കറ്റിംഗ് മെഷീൻ വാങ്ങിയത്.

(സി) 8469 രൂപ.

(ഡി) ടിക്കറ്റിംഗ് മെഷീൻ വാങ്ങിയ ഇനത്തിൽ 2,85,40,530 രൂപ ചെലവായി.

(ഇ) മെഷീൻ സപ്ലൈ ചെയ്ത കമ്പനികളായ മൈക്രോ എഫ്. എക്സ്. തിരുവനന്തപുരം, സോഫ്റ്റ് ലാൻഡ് ഇന്ത്യാ ലിമിറ്റഡ്, ഗൗരീശപട്ടം, തിരുവനന്തപുരവും തന്നെയാണ് മെഷീൻ സർവ്വീസ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) & (ജി) ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ ഘട്ടംഘട്ടമായിട്ടാണ് കൂടുതൽ യൂണിറ്റുകളിൽ നടപ്പിലാക്കുന്നത്. ജീവനക്കാരുടെ ട്രെയിനിംഗ് പൂർത്തിയായാൽ വാങ്ങിയ മുഴുവൻ ടിക്കറ്റിംഗ് മെഷീനുകളും ഉടനെ തന്നെ ഉപയോഗത്തിൽ കൊണ്ടുവരുന്നതാണ്. ആയതിനാൽ ഈ ഇനത്തിൽ കോർപ്പറേഷന് സാമ്പത്തിക നഷ്ടമില്ല.

തിരുനെല്ലിയിലേക്ക് കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസ്

161 [1375] *ശ്രീ. ടി. എൻ. പ്രതാപൻ:*
ശ്രീമതി മേഴ്സി രവി:
ശ്രീ. ലൂഡി ലൂയിസ്:
,, കെ. സുധാകരൻ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾ സർവ്വീസ് നടത്തുന്ന എല്ലാ റൂട്ടിൽ നിന്നും ലാഭം കിട്ടുന്നുണ്ടോ;

(ബി) ലാഭം കിട്ടാത്ത റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. ബസ് ഓടിക്കുന്നതിന്റെ പിന്നിലുള്ള തത്വം എന്തെന്ന് പറയുമോ;

(സി) തിരുനെല്ലിയിലേക്ക് കൽപ്പറ്റ, കണ്ണൂർ, കോഴിക്കോട്, മാനന്തവാടി എന്നീ സ്ഥലങ്ങളിൽനിന്നും കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ ആണ് ഇങ്ങനെ ചില സർവ്വീസുകൾ നടത്തേണ്ടിവരുന്നത്. പ്രത്യേകിച്ചു ദേശസാൽകൃത മേഖലയിൽ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ യാത്രാ സൗകര്യം പ്രദാനം ചെയ്യേണ്ടത് കെ. എസ്. ആർ. ടി. സി. യുടെ ചുമതലയാണ്. എങ്കിലും വളരെ കൂടുതൽ നഷ്ടം ഉണ്ടാകുന്ന സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ കെ. എസ്. ആർ. ടി. സി. -ക്ക് ബുദ്ധിമുട്ടുണ്ട്.

(സി) പ്രധാനപ്പെട്ട യൂണിറ്റുകളിൽ നിന്നും തിരുനെല്ലിയിലേക്ക് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly